കവർസ്റ്റോറി ●
യാസീൻ അശ്റഫ്



മനംമാറ്റത്തിനും
മതംമാറ്റത്തിനും
സ്വാഭീഷ്ട പ്രകാരം
തീരുമാനിച്ചവർക്ക്
മുമ്പിൽ തടസ്സങ്ങളുണ്ടാക്കുന്നത്
നീതിയല്ല. മതംമാറ്റ നിയമങ്ങളുടെ
രണ്ട് പ്രധാന ദൗർബല്യങ്ങൾ,
അവ ഹിന്ദുമതത്തിൽനിന്നുള്ള
മാറ്റങ്ങളെ മാത്രം ലക്ഷ്യമിട്ടുള്ളവയാണ്
എന്നതും, മതം മാറാനുദ്ദേശിക്കുന്ന
വ്യക്തികളുടെ ഭാഗം അവ
ശ്രദ്ധിക്കുന്നേയില്ല എന്നതുമാണ്.
സ്വന്തം വഴി തീരുമാനിക്കാനുള്ള
വ്യക്തിയുടെ അവകാശം
അലംഘനീയമാണ്;
അതിനെ തടയുന്നത് ഫാഷിസവുമാണ്.

# മനംമാറ്റം മതംമാറ്റം

**മതസ്വാതന്ത്ര്യം** ഇന്ത്യൻ ഭരണഘടനയുടെ മതനിരപേക്ഷ സ്വഭാവത്തിന്റെ കാതലാണ്. ഏതു മതത്തിൽ വിശ്വസിക്കാനും വിശ്വാസം പ്രചരിപ്പിക്കാനുമെന്നതുപോലെ, ഒരു മതത്തിലുള്ള വിശ്വാസമുപേക്ഷിച്ച് തനിക്ക് കൂടുതൽ ബോധ്യപ്പെട്ട മറ്റൊന്നിലേക്ക് മാറാനും ഭരണഘടന അനുവദിക്കുന്നു. അനുവദിക്കുക മാത്രമല്ല, അത് മൗലികമായ അവകാശമായിത്തന്നെ വ്യവസ്ഥപ്പെടുത്തുകയും ചെയ്തിരിക്കുന്നു. ഭരണഘടനാ ശിൽപിയായ ഡോ. അംബേദ്കർ മതപരിവർത്തനം നടത്തുകയും അതിന് പ്രേരണ നൽകുകയും ചെയ്തയാളാണ്.

മതവിശ്വാസവും മതപരിവർത്തനവും അംഗീകരിക്കുമ്പോൾതന്നെ, ബലം പ്രയോഗിച്ചുള്ള മതപരിവർത്തനം മൗലികാവകാശങ്ങളിൽ പെടില്ല എന്നതും അംഗീകരിക്കേണ്ടതുണ്ട്. എന്നല്ല, ബലപ്രയോഗത്തിലൂടെ മതം മാറ്റുന്നത് വ്യക്തിസ്വാതന്ത്ര്യത്തിന്മേലുള്ള കൈയേറ്റം കൂടിയാണ്. ഇപ്പോൾ മതപരിവർത്തനം വിവാദമായതിന് രണ്ടു സംഭവങ്ങൾ പശ്ചാത്തലമായുണ്ട്. ഒന്ന്, ഒറീസയിലും കർണാടകത്തിലും നടന്ന ക്രൈസ്തവർക്കെതിരായ അതിക്രമങ്ങൾ. മതപരിവർത്തന ശ്രമങ്ങളോടുള്ള സ്വാഭാവിക പ്രതികരണമായി ഈ അക്രമങ്ങളെ ന്യായീകരിക്കാൻ പോലും ചിലർ സന്നദ്ധരായി. മറ്റൊന്ന്, വർഗീയ രാഷ്ട്രീയത്തിന്റെ സമ്മർദമാണ്- മതപരിവർത്തനം നിയമം മൂലം നിരോധിക്കണമെന്ന ആവശ്യം തീവ്ര ഹൈന്ദവ സംഘടനകൾ ഉയർത്തിയിരിക്കുന്നു. ബി.ജെ.പിക്ക് ഭരണ പങ്കാളിത്തമുള്ള അഞ്ചു സംസ്ഥാനങ്ങളിൽ അത്തരം നിയമം കൊണ്ടുവന്നിരിക്കുന്നു. ദേശീയതലത്തിൽ തന്നെ ഇത്തരം നിയമം വേണമെന്നാണ് അവരുടെ ആവശ്യം. വർഗീയ ധ്രുവീകരണത്തിലധിഷ്ഠിതമായ അധികാര രാഷ്ട്രീയത്തിന്റെ താൽപര്യങ്ങളാണ് ഇതിനു പിന്നിലെന്ന് കാണാൻ പ്രയാസമില്ല.

ഗുജറാത്ത്, ഒറീസ, മധ്യപ്രദേശ്,

ഛത്തീസ്ഗഢ്, ഹിമാചൽ പ്രദേശ് എന്നീ സംസ്ഥാനങ്ങളിലാണ് മതപരിവർത്തനം നിരോധിക്കുന്ന നിയമങ്ങളുള്ളത്. 2003 -ൽ ഗുജറാത്ത് സർക്കാർ പാസ്സാക്കിയ 'ഗുജറാത്ത് മത സ്വാതന്ത്ര്യ നിയമം' ഇത്തരം നിയമങ്ങളുടെ ഒരു മാതൃകയാണ്. 'ബല പ്രയോഗം, ചതി, പ്രലോഭനം' തുടങ്ങിയവ വഴി മതപരിവർത്തനം നടത്തുന്നത് അത് നിരോധിക്കുന്നു. ഇക്കൊല്ലം ഏപ്രിലിൽ ഈ നിയമം നടപ്പാക്കാനുള്ള ചട്ടങ്ങൾ ഇറക്കി. 'ബലം പ്രയോഗിച്ച്' മതംമാറ്റം നടത്തുന്നവർക്ക് മൂന്നു വർഷം വരെ തടവു കിട്ടും. മതം മാറുന്നവർ സർക്കാറിനെ അറിയിക്കണം; ഫോറം പൂരിപ്പിക്കണം. അതിൽ, എന്തുകൊണ്ടാണ് മതം മാറുന്നത് എന്നു വ്യക്തമാക്കണം. ഉപേക്ഷിക്കുന്ന മതത്തിൽ എത്ര കാലം ഉണ്ടായിരുന്നു, എന്തുകൊണ്ട് ഉപേക്ഷിക്കുന്നു എന്നു പറയണം. ഇത് ചെയ്യാതിരുന്നാൽ ക്രിമിനൽ നടപടിക്ക് വിധേയനാകേണ്ടിവരും.

മതപരിവർത്തനത്തിന് കാർമികത്വം വഹിക്കുന്നവർ ജില്ലാ മജിസ്ട്രേറ്റിന്റെ മുൻകൂർ അനുമതി വാങ്ങണം (ഇല്ലെങ്കിൽ പോലീസിന് നടപടിയെടുക്കാം). വിശദമായ ഒരു ഫോറം പൂരിപ്പിച്ച് പ്രസ്താവന ഒപ്പിടണം. പരിവർത്തിതനാവുന്നയാൾ പ്രായപൂർത്തിയായയവനോ അല്ലേ, പട്ടിക ജാതിക്കാരനോ വർഗക്കാരനോ ആണോ, വിവാഹം കഴിച്ചയാളാണോ, തൊഴിലും മാസവരുമാനവും എന്ത് തുടങ്ങിയ വിവരങ്ങൾ നൽകണം. മതംമാറ്റം എപ്പോൾ, എവിടെ വെച്ച്, എന്തു കാരണത്താൽ നടക്കുന്നു എന്ന് വിശദമാക്കണം. മതംമാറ്റചടങ്ങിന് ഒരു മാസം മുമ്പ് ജില്ലാ മജിസ്ട്രേറ്റിന് ഇതെല്ലാം വെച്ച് അപേക്ഷ നൽകണം. മതംമാറിയ ആൾ പത്തു ദിവസത്തിനകം ജില്ലാ മജിസ്ട്രേറ്റിന് വിശദവിവരങ്ങൾ സമർപ്പിക്കണം. മതം മാറാനുള്ള കാരണം, മതംമാറ്റച്ചടങ്ങ് നടത്തിയ പുരോഹിതന്റെ പേര്, ചടങ്ങിൽ പങ്കെടുത്ത എല്ലാവരുടെയും വിശദവിവരങ്ങൾ തുടങ്ങിയവ നൽകിയിരിക്കണം. ജില്ലാ മജിസ്ട്രേറ്റുമാരാകട്ടെ മുമ്മൂന്നു മാസം കൂടുമ്പോൾ മതപരിവർത്തന അപേക്ഷകളുടെ കണക്ക് സർക്കാറിലേക്കയക്കണം.

മനസ്സിന്റെ ഉത്തമ ബോധ്യമനുസരിച്ച് വിശ്വാസം മാറുന്നയാൾ തന്റെ മനസ്സാക്ഷിയെയല്ല, ഭരണകൂടത്തെയാണ് ബോധ്യപ്പെടുത്തേണ്ടത് എന്നത് ആ വ്യക്തിയുടെ അന്തസ്സിനെ മാത്രമല്ല ഭരണത്തിന്റെ ജനാധിപത്യപരതയെയും ഇടിച്ചുതാഴ്ത്തുന്നു. സ്വമേധയാ മതം മാറുന്നതിന് തങ്ങൾ എതിരല്ലെന്ന തീവ്ര പക്ഷക്കാരുടെ വാദം എത്ര പൊള്ളയാണെന്ന് ഇത് കാണിക്കുന്നു. ഇത്രകൊണ്ട് നിർത്തിയതുപോലും ഗവർണർ തടസ്സം നിന്നതുകൊണ്ടാണ്. 2006-ൽ മോഡി സർക്കാർ ഒരു ഭേദഗതി കൊണ്ടുവന്നിരുന്നു. അത്യന്തം കർക്കശമായിരുന്നു അതിലെ വ്യവസ്ഥകൾ. അതിനു പുറമെ, ജൈനരും ബുദ്ധ മതക്കാരും ഹൈന്ദവരായാണ് കണക്കാക്കപ്പെടുക എന്നും വ്യവസ്ഥപ്പെടുത്തി. ഇതിനെതിരെ രംഗത്തുവന്നത് ജൈനരും ബുദ്ധമതക്കാരും തന്നെയാണ്. ബില്ല് മൊത്തം തന്നെ മതസ്വാതന്ത്ര്യത്തിനുള്ള അവകാശത്തെ ലംഘിക്കുന്നു എന്നു ചൂണ്ടിക്കാട്ടി ഗവർണർ നവൽ കിശോർ ശർമ മടക്കുകയായിരുന്നു. തുടർന്നാണ് 2003 -ലെ നിയമം നടപ്പാക്കാൻ ചട്ടങ്ങളുണ്ടാക്കിയത്. രാജസ്ഥാനിലും സർക്കാർ ഉദ്ദേശിച്ച ബില്ലിന് ഗവർണർ എസ്.കെ സിംഗ് അനുമതി നിഷേധിച്ചു; അവിടെ ബില്ലിൽ അൽപം മാറ്റം വരുത്തേണ്ടിവന്നു. അരുണാചൽ പ്രദേശിലും തമിഴ്നാട്ടിലും ഇത്തരം നിയമം പാസ്സാക്കിയിട്ടുണ്ട്.

സ്വന്തം ജീവിതവും വിശ്വാസവും തീരുമാനിക്കേണ്ടത് അവനവൻ തന്നെയാണെന്ന പ്രാഥമിക തത്ത്വമാണ് ഇങ്ങനെ ലംഘിക്കപ്പെടുന്നത്. മനുഷ്യത്വത്തിന്റെ അന്തസ്സ് കെടുത്തുന്ന ഈ നിയമത്തെ വിവേകമതികളായ ഹിന്ദുക്കളടക്കം എതിർക്കുന്നു. കാരണം ബലപ്രയോഗത്തിലൂടെ മതം മാറ്റുന്നതുപോലെതന്നെ നെറികെട്ടതാണ് അധികാരത്തിലൂടെ മതംമാറ്റ അവകാശം നിഷേധിക്കുന്നത്. പോർച്ചുഗീസുകാരുടെ കാലം മുതൽ ബലം പ്രയോഗിച്ചുള്ള മതംമാറ്റം നടന്നിട്ടുണ്ടെന്നത് നിഷേധിക്കാനാവില്ല. മതവിശ്വാസത്തിലധിഷ്ഠിതമായ മർദനങ്ങളും പീഡനങ്ങളും കേരളീയർക്കു മേൽ നടത്തിയ ക്രൈസ്തവ വിഭാഗങ്ങളെപ്പറ്റി ചരിത്രത്തിൽ കാണാം. ഇന്ന് ഈ രീതി അനുവർത്തിക്കുന്നത് ഭരണകൂടങ്ങൾ തന്നെയാണ്. ഗുജറാത്തിലെ ദാംഗ്സ് ജില്ലയിൽ ഹിന്ദുമതത്തിലേക്ക് മാറാൻ മുസ്ലിംകൾക്കു മേൽ സർക്കാർ തന്നെ സമ്മർദം ചെലുത്തുന്നതായി ശബ്നം ഹാശ്മി റിപ്പോർട്ട് ചെയ്തിരുന്നു. മതം മാറിയില്ലെങ്കിൽ, നൂറ്റാണ്ടിലേറെ കാലമായി തങ്ങൾ ജീവിക്കുന്ന ഭൂമി ഒഴിഞ്ഞുപോകേണ്ടിവരുമെന്ന് അവരെ ഭീഷണിപ്പെടുത്തിയിരിക്കുന്നുവത്രെ. ഇതുസംബന്ധിച്ച പരാതി സ്വീകരിച്ച കോടതി ജില്ലാ കലക്ടറോടും മറ്റും വിശദീകരണം തേടി; എല്ലാ ഭാഗവും കേട്ട ശേഷം തൽസ്ഥിതി തുടരാൻ ഉത്തരവിട്ടു. ഇത് സെപ്റ്റംബർ 11-ന്. പിറ്റേന്ന് പോലീസ് വന്ന് എൺപതോളം ഗ്രാമീണരെ പിടിച്ചുകൊണ്ടുപോയി, മഹാരാഷ്ട്രയിലേക്ക് കാലികളെ കടത്തി എന്ന കുറ്റം പറഞ്ഞ്. വേറെ ചിലരെ ഗോവധത്തിനും പിടികൂടി. പ്രശ്നം രൂക്ഷമായി തുടരുന്നു.

ഒറീസയിലും കർണാടകത്തിലും ക്രിസ്തുമതത്തിലേക്ക് മാറിയ ദലിത്, ആദിവാസി വിഭാഗങ്ങളെ തിരിച്ച് ഹിന്ദുമതത്തിലാക്കാൻ അധികൃത പിൻബലത്തോടെ ശ്രമങ്ങൾ നടക്കുന്നതായും വ്യാപകമായ പരാതിയുണ്ട്. ബലപ്രയോഗം ഭരണകൂടത്തിൽനിന്നാകുമ്പോൾ ഒരു നിയമവും അതിന് തടസ്സമാകുന്നില്ലെന്നർഥം. മറുപക്ഷത്ത്, ക്രൈസ്തവർ ഹിന്ദുക്കളെ മതംമാറ്റുന്നു എന്നാരോപിച്ച് കർക്കശ നിയമം കൊണ്ടുവന്ന ഗുജറാത്തിലെ തന്നെ യഥാർഥ സ്ഥിതിയോ? വിവരാവകാശ നിയമ പ്രകാരം ആൾ ഇന്ത്യാ ക്രിസ്ത്യൻ കൗൺസിൽ അധികൃതരോട് ഒരു ചോദ്യമുന്നയിച്ചു: കഴിഞ്ഞ പത്തു വർഷങ്ങളിൽ സംസ്ഥാനത്ത് ബലം പ്രയോഗിച്ചുള്ള മതപരി

**ബലപ്രയോഗത്തിലൂടെ മതം മാറ്റുന്നതുപോലെതന്നെ നെറികെട്ടതാണ് അധികാരത്തിലൂടെ മതംമാറ്റ അവകാശം നിഷേധിക്കുന്നത്. പോർച്ചുഗീസുകാരുടെ കാലം മുതൽ ബലം പ്രയോഗിച്ചുള്ള മതംമാറ്റം നടന്നിട്ടുണ്ടെന്നത് നിഷേധിക്കാനാവില്ല. മതവിശ്വാസത്തിലധിഷ്ഠിതമായ മർദനങ്ങളും പീഡനങ്ങളും കേരളീയർക്കു മേൽ നടത്തിയ ക്രൈസ്തവ വിഭാഗങ്ങളെപ്പറ്റി ചരിത്രത്തിൽ കാണാം. ഇന്ന് ഈ രീതി അനുവർത്തിക്കുന്നത് ഭരണകൂടങ്ങൾ തന്നെയാണ്. ഗുജറാത്തിലെ ദാംഗ്സ് ജില്ലയിൽ ഹിന്ദുമതത്തിലേക്ക് മാറാൻ മുസ്ലിംകൾക്കു മേൽ സർക്കാർ തന്നെ സമ്മർദം ചെലുത്തുന്നതായി ശബ്നം ഹാശ്മി റിപ്പോർട്ട് ചെയ്തിരുന്നു.**

വർത്തനത്തെപ്പറ്റി എത്ര പരാതികൾ കിട്ടി? വെറും മൂന്ന് എന്നായിരുന്നു ഉത്തരം. അപ്പോൾ ഇല്ലാത്ത കാര്യം പറഞ്ഞാണ് കർക്കശ നിയമമുണ്ടാക്കിയത്; അതാകട്ടെ സർക്കാറിന്റെ ബലപ്രയോഗത്തിന് പരിഹാരമാകുന്നുമില്ല. ബി.ജെ.പിയും കോൺഗ്രസും നേതൃത്വം നൽകുന്ന സംസ്ഥാനങ്ങളിലാണ് മതപരിവർത്തനം നിരോധിച്ച് നിയമങ്ങൾ കൊണ്ടുവന്നിട്ടുള്ളത്. തമിഴ്നാട്ടിൽ 2002 –ൽ ജയലളിത സർക്കാർ ഇത് കൊണ്ടുവന്നതും ബി.ജെ.പിയെ പ്രീണിപ്പിക്കാനായിരുന്നു.

‘പ്രലോഭന’മാണ് മതപരിവർത്തനത്തിന് കാരണമായി ആരോപിക്കുന്ന മറ്റൊരു കുറ്റം. എന്താണീ പ്രലോഭനം? ജീവിച്ചുപോകാനും അന്തസ്സോടെ കഴിയാനും വകയില്ലാത്തവർ നിവൃത്തികേടു മൂലം മതം മാറുന്നുണ്ട്. ഇത് കൂടുതൽ നടക്കുന്നത് അങ്ങേയറ്റം പാവപ്പെട്ട ആദിവാസികളിലും ജാതി വിവേചനം അനുഭവിക്കുന്ന ദലിതരിലുമാണ്. ഇത് തടയാൻ മാർഗമുണ്ട്. ജീവിക്കാനുള്ള വക ഉണ്ടാക്കി കൊടുക്കുക എന്നതാണത്. ജാതീയത തുടച്ചുനീക്കുകയും വേണം. ജാതീയതക്കെതിരായ കലാപത്തിന്റെ ഭാഗമായിക്കൂടിയാണല്ലോ അംബേദ്കർ അനേകം അനുയായികളോടൊപ്പം മതം മാറിയത്. ജന്മം കൊണ്ടുതന്നെ ഒരാൾ മൃഗത്തേക്കാൾ മോശമാകുന്നു എന്ന വിശ്വാസം അതിന്റെ ഇരകൾ എക്കാലവും അംഗീകരിച്ചുകൊള്ളണമെന്നും മറ്റു സമുദായങ്ങളിൽ ചേർന്നിട്ടെങ്കിലും ഈ ചാപ്പ ഒഴിവായിക്കിട്ടണമെന്നും ചിന്തിക്കുന്നവരോട് ‘പ്രലോഭനം’ പ്രസംഗിച്ചതു കൊണ്ട് കാര്യമില്ല. സ്വന്തം വീട് നന്നാക്കുകയാണ് വേണ്ടത്. മതപരിവർത്തനം തടയാൻ കാണിക്കുന്ന ആവേശത്തിന്റെ ചെറിയൊരംശം പതിത സമൂഹത്തിന്റെ നോവ് പരിഹരിക്കാൻ കാണിച്ചാൽ പ്രശ്നം അതോടെ തീരും.

അവിശ്വാസികളോട് ബലപ്രയോഗമോ നീരസമോ വേണ്ടെന്നും ‘നിങ്ങൾക്ക് നിങ്ങളുടെ മതം, എനിക്ക് എന്റെ മതം’ എന്ന് പറയേണ്ട കാര്യമേ ഉള്ളൂ എന്നും ഖുർആൻ ഉദ്ബോധിപ്പിച്ചിട്ടുണ്ട്. മതവിഷയത്തിൽ ബലപ്രയോഗമരുതെന്ന് കർശന നിർദേശവും നൽകിയിട്ടുണ്ട്. വിവാഹം കഴിക്കുന്നതിനു വേണ്ടി മാത്രമായി അന്യമതക്കാരികളെ മുസ്‌ലിമാക്കുന്നത് മതവിരുദ്ധമാണെന്നു വരെ ദയൂബന്ദിലെ പണ്ഡിതസഭ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. എങ്ങനെയും ആളെയുണ്ടാക്കുന്ന രീതി ഒരു മതത്തിനും അംഗീകരിക്കുക വയ്യ. എന്നാൽ മനംമാറ്റത്തിനും മതംമാറ്റത്തിനും സ്വാഭീഷ്ട പ്രകാരം തീരുമാനിച്ചവർക്ക് മുമ്പിൽ തടസ്സങ്ങളുണ്ടാക്കുന്നതും നീതിയല്ല. മതംമാറ്റ നിയമങ്ങളുടെ രണ്ട് പ്രധാന ദൗർബല്യങ്ങൾ,അവ ഹിന്ദുമതത്തിൽനിന്നുള്ള മാറ്റങ്ങളെ മാത്രം ലക്ഷ്യമിട്ടുള്ളവയാണ് എന്നതും, മതം മാറാനുദ്ദേശിക്കുന്ന വ്യക്തികളുടെ ഭാഗം അവ ശ്രദ്ധിക്കുന്നേയില്ല എന്നതുമാണ്. സ്വന്തം വഴി തീരുമാനിക്കാനുള്ള വ്യക്തിയുടെ അവകാശം അലംഘനീയമാണ്; അതിനെ തടയുന്നത് ഫാഷിസവുമാണ്. ഡോ. കെ.എം മുൻഷി പറഞ്ഞ പോലെ, “തങ്ങൾക്കു നല്ലതെന്ന് ബോധ്യമുള്ള മതത്തിലേക്ക് വരാൻ മറ്റുള്ളവരെ പ്രേരിപ്പിക്കാനുള്ള അവകാശം ഏതു മതവിഭാഗത്തിനുമുണ്ട്. മതം മതമായിരിക്കുന്നകാലത്തോളം സ്വതന്ത്ര മനസ്സാക്ഷിക്കനുസരിച്ചുള്ള മതംമാറ്റം അംഗീകരിക്കേണ്ടതുണ്ട്”. ഐക്യരാഷ്ട്ര സഭയുടെ മനുഷ്യാവകാശ പ്രഖ്യാപനവും ഇന്ത്യൻ ഭരണഘടനയും മതപരിവർത്തനം മൗലികാവകാശമായി ഗണിക്കുന്നു.



ഏറ്റവും നല്ല മതങ്ങൾ വ്യക്തിയുടെ ഈ അവകാശം അംഗീകരിക്കുന്നുണ്ട്. അക്കൂട്ടത്തിൽ ഹിന്ദുമതവുമുണ്ട്. നിരീശ്വരത്വം മുതൽ ബഹുദൈവത്വം വരെയുള്ള വിശ്വാസങ്ങളെയെല്ലാം ഉൾക്കൊള്ളാൻ കഴിയുന്ന വിശാലതയെയാണ് ഇപ്പോൾ ചില തീവ്രരാഷ്ട്രീയ ഗ്രൂപ്പുകൾ ഹൈജാക്ക് ചെയ്യുന്നത്. മതങ്ങളുടെ വരുതിയിൽ പീഡനമനുഭവിക്കുന്നവർ മുതൽ, ഭരണഘടനയുടെ മതനിരപേക്ഷ അന്തസ്സത്തയിൽ വിശ്വാസമർപ്പിക്കുന്നവർ വരെ ഈ ഫാഷിസ്റ്റ് രീതിയെ ചെറുക്കേണ്ടതുണ്ട്. രാഷ്ട്രീയം മാറാം, സംഘടന മാറാം, മനസ്സും വിശ്വാസവും മാറിക്കൂടെന്നു പറയുന്നത് ന്യായമോ യുക്തിയോ അല്ല. ■